TB Movie Panel Weekly Review

**#moviepanel**

Thirteen Lives

OTT : Amazon Prime

Written By: Sandhya Naren

ആരംഭം മുതൽ ഒടുക്കം വരെ ശ്വാസം അടക്കിപ്പിടിച്ചു മാത്രം ഇരുന്നു കാണാനാകുന്ന ഒരു സിനിമ. 2018 -ഇൽ തായ്‌ലൻഡിലെ ചിയാങ് റായ് പ്രൊവിൻഷ്യയിലെ താം ലുവാങ് നോൺ കേവിൽ അകപ്പെട്ട 12 കുട്ടികളുടെയും അവരുടെ കോച്ചിന്റെയും രക്ഷാപ്രവർത്തനങ്ങളുടെ, യഥാർത്ഥത്തിൽ നടന്ന സംഭവങ്ങളെ ആസ്പദമാക്കി നിർമിച്ച, സാഹസിക കഥ പറയുന്ന തർറ്റീൻ ലൈവ്സ് എന്നാ സിനിമയാണിത്. 17 രാജ്യങ്ങളിൽ നിന്നുള്ള അയ്യായിരം പേർ പങ്കു വഹിച്ച അതിലിരട്ടി പേർ ഏതെങ്കിലും രീതിയിൽ കോൺട്രിബ്യൂട് ചെയ്ത ലോകത്തിലെ ഏറ്റവും വലിയ, വിജയകരമായ രക്ഷാ പ്രവർത്തന ദൗത്യം. തായ് ഭാഷയിലുള്ള ഈ ചിത്രം ഇംഗ്ലീഷ് സബ്‌ടൈറ്റിലുകളോട് കൂടി പ്രൈമിൽ ഉണ്ട്.

സിനിമ തുടങ്ങി അധികം വൈകാതെ നിങ്ങളും പൂർണമായി ആ ദൗത്യത്തിൽ അലിയുന്നു. ഗ്രാമത്തിൽ ഒരിടത്തു കുട്ടികൾ സോക്കർ പ്രാക്ടീസ് ചെയ്യുകയായിരുന്നു. വൈകുന്നേരം കുട്ടികളിൽ ഒരാളുടെ വീട്ടിൽ പിറന്നാൾ ആഘോഷമാണ്. അതിനു മുമ്പ് അവർ തങ്ങൾക്കിടയിൽ ഒരു ചെറിയ ആഘോഷമാകാം എന്നു കരുതി മറ്റേതു ടീനേജ് കുട്ടികളെയും പോലെ കേവിനുള്ളിൽ പോകുന്നു.

ഉടൻ തന്നെ പെരുമഴ പെയ്യാനും കേവിൽ വെള്ളം കയറാനും തുടങ്ങുന്നു. കുട്ടികൾ തിരിച്ചെത്താത്തതു കൊണ്ട് അന്വേഷിച്ചെത്തുന്ന മാതാപിതാക്കളും സമീപവാസികളും കുട്ടികളും കോച്ചും അകപ്പെട്ടത് മനസ്സിലാക്കി അധികൃതരെ വിവരമറിയിക്കുന്നു.
രക്ഷാപ്രവർത്തങ്ങൾക്കു ആദ്യം എത്തുന്നതും, അവസാനം വരെ നിൽക്കുന്നതും നേവി ഉദ്യോഗസ്ഥരാണ്.
ആ രാത്രി മഴ കനക്കുന്നു. നേവിക്കാർക്കു ഒരു പരിധിയിലധികം ഡൈവ് ചെയ്യാനോ അകപ്പെട്ടു പോയവരെ കണ്ടെത്താനോ സാധിക്കുന്നില്ല. തുടർന്ന് ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ സഹായം അഭ്യർത്ഥിച്ചു സന്ദേശം പോകുന്നു.
രക്ഷാ പ്രവർത്തനങ്ങൾക്ക് സന്നദ്ധരായി ധാരാളം ആളുകൾ, ലോകത്തെ ഏറ്റവും മികച്ച ദുരന്ത നിവാരണ പ്രവർത്തകർ എല്ലാവരും എത്തിച്ചേരുന്നു. എന്നാൽ തോരാത്ത മഴയും ഗുഹക്കുള്ളിലെ ജല പ്രവാഹവും കാരണം എല്ലാവരും നിസ്സഹായരായി ഇരിക്കേണ്ടി വരുന്നു.

ദിവസങ്ങൾ അതിവേഗം മുന്നോട്ടു പോകുന്നതോടൊപ്പം, കേവിന് ചുറ്റുമുള്ള പ്രദേശം വൻ ജനക്കൂട്ടത്തെ കൊണ്ട് നിറയുന്നു. രക്ഷാ പ്രവർത്തനങ്ങൾക്കെത്തിയവർക്കു വേണ്ടിയുള്ള ഭക്ഷണ ശാലകൾ, അവർക്കു താമസിക്കാനുള്ള മുറികൾ, ലോണ്ടറി, മാധ്യമങ്ങൾ അങ്ങനെ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുമുള്ള ജനങ്ങളാണ് അവിടെയെത്തുന്നത്. എന്നാൽ തോരാത്ത മഴ കാരണം എല്ലാവരും നിസ്സഹായരായി തുടരുന്നു. ഇതിനിടയിൽ അവിടെയെത്തിയ ബുദ്ധിമാനായ ഒരു വാട്ടർ എഞ്ചിനീയർ, ഗുഹയിൽ വെള്ളം കടക്കുന്നത് താഴെ നിന്നല്ല മുകളിൽ നിന്നുമാണെന്നു മനസ്സിലാക്കി, ആ വെള്ളം പുറകിലൂടെ പമ്പ് ചെയ്തു കളയാനുള്ള പ്രവർത്തങ്ങൾ തുടങ്ങുന്നു. ഇതിൽ കൃഷിക്കാരായ ഗ്രാമ വാസികളും പങ്കാളികളാകുന്നു. അവസാന നിമിഷം വരെ, അഹോരാത്രം അവരും അവരുടെ പാടങ്ങൾ നശിക്കുന്നത് പോലും വക വെക്കാതെ പരിശ്രമിച്ചു കൊണ്ടിരുന്നു.

ആറാം ദിവസം രാത്രി, സന്ദേശം കിട്ടിയ രണ്ടു വോളന്റിയർസ് - റിക്ക് സ്റ്റാൻടോൺ, ജോൺ വോളന്തെൻ -ഇവർ ഇൻഗ്ലണ്ടിൽ നിന്നും അവിടെ എത്തിച്ചേരുന്നു. അവർ പ്രത്യേക പരിശീലനം സിദ്ധിച്ച ഭയമെന്തെന്നറിയാത്ത ബ്രിട്ടൻ കേവ് റെസ്കെയു കൗൺസിൽ വോളന്റ്റിയേർസ് ആണ്.

അപ്പോഴേക്കും ചൈന, ജപ്പാൻ, അമേരിക്ക, ബ്രിട്ടൻ , ആസ്ട്രേലിയ എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ദർ അവിടെ എത്തിക്കഴിഞ്ഞിരുന്നു. കേവ് ഡൈവിംഗ് എന്നത് സാധാരണ ഡൈവിങ്ങിൽ നിന്നും വ്യത്യസ്തമാണെന്നും അതിനു പ്രത്യേക തരം മൂവ്മെന്റ്സ് മാത്രമല്ല പ്രത്ത്യേക തരം മനസ്സാന്നിധ്യവും ബ്രീത്തിങ് ടെക്നിക്കും ആവശ്യമാണെന്നും അവർ പറയുന്നു. അവരുടെ അസാമാന്യമായ കഴിവും മനക്കരുത്തും നമ്മൾ ആരെയും അദ്ഭുതപ്പെടുത്തുന്നതാണ്. എന്നാൽ മഴ തോരുന്നത് വരെ അവർക്കു മുന്നോട്ടു പോകണ്ട എന്ന നിർദേശമാണ് ഗവർണറിൽ നിന്നും ലഭിക്കുന്നത്. ഇതോടെ കുട്ടികളെ ജീവനോടെ ഇട്ടില്ല എന്നുറപ്പിച്ചു കുടുംബാന്ഗങ്ങൾ അവരുടെ മനസ്സ് പാകപ്പെടുത്തുന്നു. അവർ മാത്രമല്ല, എല്ലാവരും തന്നെ ഏറെ കുറെ ഉറപ്പിച്ചിരുന്നു കിട്ടാൻ പോകുന്നത് നിർജീവ ശരീരങ്ങളാണെന്നു.

എന്നാൽ വിധി മറ്റൊന്നായിരുന്നു. ഒമ്പതാം ദിവസം മഴ തോർന്നു മാനം തെളിയുന്നു. കേവിൽ കയറാൻ രക്ഷാ പ്രവർത്തകർ തയ്യാറെടുക്കുന്നു. മോങ്ക് പുരോഹിതർ എത്തി പ്രാർത്ഥനകളും നടത്തി. വെള്ളം ഇറങ്ങി പത്താം ദിനമാണ് അവർക്കു കയറാൻ കഴിയുന്നത്. അന്ന് നാല് മണിക്കൂർ നീണ്ട ഡൈവിനു ശേഷം കെവിലെ ഏറ്റവും ഇടുങ്ങിയ വളവും കടന്നു ചെന്ന അവർ കണ്ടത് ജീവനോടെ ഇരിക്കുന്ന സംഘത്തെയാണ്. ഈശ്വരാ, അതായിരുന്നു ഈ സിനിമയിലെ എപിക് മോമെന്റ് എന്ന് പറയാം. എങ്ങനെ നിങ്ങൾക്കിതിന് സാധിച്ചു എന്ന് ചോദിക്കുമ്പോൾ, കോച്ചു കാരണമായെന്നും, മെഡിറ്റേഷൻ ചെയ്തത് കൊണ്ടാണെന്നും അവർ

പറയുന്നു.

അത്യാഹ്ളാദത്തോടെ അവർ ഈ വിവരം പുറത്തെത്തിക്കുന്നു എങ്കിലും, അടുത്തതായി അവരെ കാത്തിരിക്കുന്നത് ഏറ്റവും വലിയ വെല്ലുവിളി ആണെന്ന് അവർക്കു ബോധ്യമുണ്ടായിരുന്നു. അവരെ എങ്ങനെ രക്ഷിച്ചു പുറത്തേക്കു കൊണ്ട് വരും?

ഏതൊരു സാധാരണ വ്യക്തിയും കെവിലൂടെ ഡൈവിനു ശ്രമിച്ചാൽ പരിഭ്രാന്തരാവാനും, ജീവൻ നഷ്ടപ്പെടാനും സാധ്യത ഉണ്ട്. മറ്റൊരു ഗത്യന്തരവുമില്ലാതെ തുടർന്ന് അവർ ഒരു മാസ്റ്റർ പ്ലാൻ മെനയുന്നു. കേവ് ഡൈവറും ഡോക്ടറുമായ ഹാരിയെ റെസ്ക്യൂ ഓപ്പറേഷന് വിളിക്കുന്നു. അദ്ദേഹം ഒരു മികച്ച അനസ്തറ്റിസ്റ് കൂടിയാണ്. അതെ, കുട്ടികളെ മയക്കി കിടത്തി, കിലോമീറ്ററുകളോളം വരുന്ന കെവിലൂടെ ഒരു പാർസൽ എന്നോണം പാക് ചെയ്തു പുറത്തെത്തിക്കുക- അതിൽ ഭാഗ്യം ഉണ്ടെകിൽ - രണ്ടോ മൂന്നോ പേര് മാത്രം രക്ഷപ്പെടാം- ഇതായിരുന്നു അവരുടെ പ്ലാൻ. ഇത് അതി രഹസ്യമായി പത്തു പേര് മാത്രമാണ് അറിയുന്നത്. ഇനിയുള്ള ത്രസിപ്പിക്കുന്ന രംഗങ്ങൾ നിങ്ങൾ നേരിൽ കാണുക.

മനുഷ്യ രാശി അനേകം ദുരന്തങ്ങൾ കണ്ടിട്ടും നേരിട്ടും അതിജീവിച്ചും വന്നവരാണ്, ഏറ്റവും അവസാനമായി കോവിഡ് മഹാമാരി വരെ. ഇനിയും മനുഷ്യകുലം അതിജീവിക്കും- പ്രതീക്ഷയും മനക്കരുത്തും കൈമുതലായി ഉണ്ടെങ്കിൽ- ഈ മഹാ സന്ദേശം നമുക്ക് ഈ സംഭവത്തിലൂടെ മനസ്സിലാക്കാം. അന്ന് അതിജീവിച്ച പതിമൂന്നു ജീവനുകൾക്കൊപ്പം, അവരെ രക്ഷിക്കാൻ കാരണക്കാരായ വോളന്റിയേഴ്സ്, ഗ്രാമവാസികൾ ഇവർക്കെല്ലാം ഒപ്പം അതിസാഹസികതയുടെ പര്യായമായി നമ്മുടെ മനസ്സിൽ എന്നെന്നും നില നില്ക്കാൻ പാകത്തിൽ ദൃശ്യ വിരുന്നൊരുക്കിയ ഈ സിനിമയുടെ എല്ലാ അണിയറ പ്രവർത്തകർക്കും അഭിനയിച്ച കലാകാരന്മാർക്കും നമുക്ക് വളരെ നീണ്ട കരഘോഷം നൽകാം, ഒരിക്കലും മിസ് ചെയ്യരുത് ഈ കാഴ്ച.